ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 19.07.2025 TIME : 12.50 PM

# പ്രധാന വാർത്തകൾ

**1.** പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മറ്റെന്നാൾ തുടക്കമാകും; കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ.

**The annual session of Parliament will begin on monday ; the all-party meeting called by the govt will be held tomorrow.**

**2.** ലോകോത്തര നിലവാരത്തിൽ രാജ്യത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ.

**Union Minister Dharmendra Pradhan says that the country's infrastructure needs to be improved to world-class standards.**

**3.** ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അർധ ചാലക രാഷ്ട്രങ്ങളിലൊന്നായി രാജ്യം മുന്നേറുകയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

**The country is moving forward as one of the most important semiconductor countries in the world says Union Minister Ashwini Vaishnav.**

**4.** രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തി യുവജനങ്ങളാണെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ; യുവ ആത്മീയ ഉച്ചകോടിക്ക് വാരണസിയിൽ തുടക്കം.

**Union Minister Mansukh Mandavya says that the country's greatest strength is its youth; Youth Spiritual Summit begins in Varanasi.**

**5.** കേരളത്തിൽ ശക്തമായ മഴ തുടരുന്നു; വടക്കൻ ജില്ലകളിൽ ചുവപ്പ് ജാഗ്രത; മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rain continues in Kerala; Red alert in northern districts; Fishermen are advised to not to venture in Kerala, Karnataka, Lakshadweep Coasts.**

**6.** ഇന്ത്യ - ഇംഗ്ലണ്ട് വനിതാ ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

**In Women's Cricket, The second match of the India – England One-Day Series will held today.**

&&&&&&&&&&&&&&&&&&

## HEADLINE-1

**GOVT-ALL PARTY MEETING**

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടാനാണ് യോഗം വിളിച്ചത്. തിങ്കളാഴ്ച ആരംഭിക്കുന്ന സമ്മേളനം അടുത്ത മാസം 21 വരെ നീളും. വർഷകാലസമ്മേളനത്തിൽ നിരവധി സുപ്രധാന നിയമനിർമാണങ്ങളും ചർച്ചകളും നടക്കും.

&&&&&&&&&&&&&&&&&&

**REV. PM-MANGAL PANDEY**

സ്വാതന്ത്ര്യസമര സേനാനി മംഗൾ പാണ്ഡെയുടെ ജന്മദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, ജെ.പി.

നഡ്ഡ, രാജ്നാഥ് സിംഗ് എന്നിവർ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ബ്രിട്ടീഷ് ഭരണ കൂടത്തെ വെല്ലുവിളിച്ച മുൻനിര പോരാളികളിൽ ഒരാളാണ് മംഗൾ പാണ്ഡെയെന്നും അദ്ദേഹത്തിന്റെ ധീരത ജനങ്ങൾക്ക് എന്നും പ്രചോദനമായിരിക്കുമെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

# HEADLINE-3

## TELANGANA-MIB-IIT (INTTRO)

*വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള സാങ്കേതിക അടിത്തറ അതിവേഗം സജ്ജമാകുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വനി വൈഷ്ണവ്. ഇന്ന് രാവിലെ ഐഐടി-ഹൈദരാബാദിൽ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആദ്യത്തെ തദ്ദേശീയ അർധചാലക ചിപ്പ് രാജ്യം ഈ വർഷം പുറത്തിറക്കുമെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അർധ ചാലക രാഷ്ട്രങ്ങളിലൊന്നായി രാജ്യം മുന്നേറുകയാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.*

*(ഹോൾഡ്-വോയ്സ്)*

*വൈകുന്നേരം കാച്ചെഗുഡ റെയിൽവേ സ്റ്റേഷനിൽ ഹൈദരാബാദിൽ നിന്ന് ജോധ്പൂരിലേക്കുള്ള പുതിയ ട്രെയിൻ സർവിസിൻറെ ഫ്ലാഗ് ഓഫും കേന്ദ്രമന്ത്രി നിർവ്വഹിക്കും.*

&&&&&&&&&&&&&&&&&&

## AMITSHAH-UTHARAKHAND

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉധം സിംഗ് നഗർ ജില്ലയിലെ രുദ്രാപൂരിൽ നടക്കുന്ന 'ഉത്തരാഖണ്ഡ് നിവേഷ് ഉത്സവ്' പരിപാടിയിൽ പങ്കെടുക്കും. വ്യാവസായിക നിക്ഷേപത്തിൽ ഉത്തരാഖണ്ഡിന്റെ പുരോഗതി പ്രദർശിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. 2023 ഡിസംബറിൽ ഡെറാഡൂണിൽ നടന്ന ആഗോള നിക്ഷേപക ഉച്ചകോടിക്ക് ശേഷം, ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപ കരാറുകൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

# HEADLINE-2

**Dharmendra Pradhan (Intro)**

*ലോകോത്തര നിലവാരത്തിൽ രാജ്യത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ. പാലക്കാട് ഐഐടിയിൽ നടന്ന ഏഴാമത് ബിരുദദാന ചടങ്ങിൽ മുഖ്യ അതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കൃഷി, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്നും പല മേഖലകളിലും ഇന്ത്യ ലോകത്ത് മുന്നിലാണെന്നും കേന്ദ്ര മന്ത്രി അഭിപ്രായപ്പെട്ടു.*

*(ഹോൾഡ് വോയ്സ്..........)*

*2047 ഓടെ വികസിത രാഷ്ട്രമാകുക എന്നത് കേവലം പ്രാദേശികതയെ അടിസ്ഥാനമാക്കിയുള്ളതല്ലെന്നും ഗ്ലോബൽ സൗത്തിന്റെ വികസനമാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.*

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**ED BETTING APP**

ഓൺലൈൻ വാതുവെയ്പ്പ് കേസുകളുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ടെക് കമ്പനികളായ ഗൂഗിളിനും മെറ്റയ്ക്കും നോട്ടീസ് അയച്ചു. ഇരു കമ്പനികളുടെയും പ്രതിനിധികളോട് തിങ്കളാഴ്ച ഇ ഡി ഡൽഹി ആസ്ഥാനത്ത് ഹാജരാകാൻ ആണ് നിർദേശം. ഓൺലൈൻ വാതുവെയ്പ്പ് ആപ്പുകളുടെ പ്രചാരണം സംബന്ധിച്ച് ഇവരുടെ പങ്ക് ED പരിശോധിച്ചുവരികയാണ്.

&&&&&&&&&&&&&&&&&&

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**<u>THEVALAKKARA - MIDHUN</u>**

കൊല്ലം തേവലക്കരയിൽ സ്കൂളിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുന്റിന്റെ സംസ്കാരം ഇന്ന് വൈകുന്നേരം നടക്കും. മിഥുന്റിന്റെ അമ്മ സുജ ഇന്ന് രാവിലെ കൊച്ചിയിൽ എത്തി. തേവലക്കര സ്കൂളിൽ നടന്ന പൊതു ദർശനത്തിൽ നിരവധി പേർ മിഥുന് അന്ത്യാഞ്ജലി അർപ്പിക്കാനെത്തി.

&&&&&&&&&&&&&&&&&&

## HEADLINE-5

**<u>RAIN KERALA</u>**

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 22 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. അതേസമയം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും

കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

**IMD-WEATHER**

രാജസ്ഥാൻ, മധ്യപ്രദേശ്, അസം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലും ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും അടുത്ത ഒരാഴ്ച ഇടിമിന്നലോടുകൂടിയ മഴയുണ്ടാകുമെന്നാണ് മുന്നറിയിപ്പ്..

&&&&&&&&&&&&&&&&&&

**UTTARAKHAND-RAIN**

ഉത്തരാഖണ്ഡിലെ വിവിധ ഇടങ്ങളിൽ നാളെ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നൈനിറ്റാൾ, ഉധം സിങ് നഗർ, ചംപാവത് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഡറാഡൂൺ, തെഹ്രി, പൗഡി, ഹരിദ്വാർ എന്നിവിടങ്ങളിൽ തിങ്കളാഴ്ച അതിശക്തമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

# HEADLINE-4

**VARANASI-YOUTH SPIRITUAL SUMMIT (INTRO)**

***രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തി യുവജനങ്ങളാണെന്നും ഇന്ത്യ ലോകത്തിലെ ഏറ്റവും യുവത്വമേറിയ രാജ്യമാണെന്നും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. മയക്കുമരുന്ന് ഉപയോഗവും വിൽപ്പനയും ശക്തമായി പ്രതിരോധിക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച യുവ ആത്മീയ ഉച്ചകോടിയെ വാരാണസിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.***

***രാജ്യത്തെ ജനങ്ങൾ ശക്തരും ആരോഗ്യമുള്ളവരും രാഷ്ട്ര സ്നേഹമുള്ളവരുമാണെങ്കിൽ വെല്ലുവിളികളെ അതിജീവിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.***

***ഹോൾഡ് വോയ്സ്........)***

***'വികസിത ഭാരതത്തിനായി യുവാക്കളെ ലഹരിയിൽ നിന്ന് മോചിപ്പിക്കാം' എന്ന പ്രമേയത്തിൽ യുവജനകാര്യ, കായിക മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്.***

***മയക്കുമരുന്ന് രഹിത ഇന്ത്യക്കായുള്ള സമഗ്ര കർമ്മ പദ്ധതി അവതരിപ്പിക്കുന്ന കാശി പ്രഖ്യാപനത്തിന്റെ പ്രകാശനത്തോടെ ഉച്ചകോടി നാളെ അവസാനിക്കും.***

&&&&&&&&&&&&&&&&&&

## HEADLINE-6

**Women s Cricket**

ഇന്ത്യ - ഇംഗ്ലണ്ട് വനിതാ ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വൈകുന്നേരം 3:30 ന് ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കും . മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ 1 - 0 ന് ഇന്ത്യ മുന്നിലാണ്

&&&&&&&&&&&&&&&&&&

**MEA-INDIAN FISHERMEN**

അന്താരാഷ്ട്ര സമുദ്ര അതിർത്തി ലംഘിച്ച് മത്സ്യബന്ധനം നടത്തിയതിന് 34 ഇന്ത്യൻ മൽസ്യത്തൊഴിലാളികൾ ബംഗ്ലാദേശിൽ പിടിയിലായി. സംഭവത്തെക്കുറിച്ചു വിവരം ലഭിച്ചയുടൻ, ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ബംഗ്ലാദേശ് അധികൃതരുമായി സംസാരിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി തിരിച്ചെത്തിക്കുന്ന കാര്യം പരിശോധിച്ചുവരികയാണെന്ന് മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## UP-ACCIDENT

ഉത്തർ പ്രദേശിലെ യമുന എക്സ്പ്രസ് പാതയിൽ രണ്ടു വ്യത്യസ്ത അപകടങ്ങളിലായി 6 പേർ മരിച്ചു ,19 പേർക്ക് പരിക്കേറ്റു. പുലർച്ചെ 3 മണിക്ക് മിനി വാൻ ട്രക്കുമായി കൂട്ടിയിടിച്ച് ആയിരിന്നു ആദ്യ അപകടം, ഇതിൽ ആറ് പേർ സംഭവസ്ഥലത്ത് തന്നെ മരിച്ചു. ഡൽഹിയിൽ നിന്ന് മധ്യപ്രദേശിലേക്ക് പോകുകയായിരുന്ന ഒരു സ്വകാര്യ ബസാണ് രണ്ടാമത് അപകടത്തിൽ പ്പെട്ടത്.

&&&&&&&&&&&&&&&&&&

## CHINA - TRF

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് ചൈന. പ്രാദേശിക സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഭീകരവിരുദ്ധ സഹകരണം ശക്തമാക്കണെന്നും ചൈന അഭിപ്രായപ്പെട്ടു. പഹൽഗാം ഭീകരാക്രമണത്തിൽ പങ്കുണ്ടെന്ന് ആരോപിച്ച് പാകിസ്ഥാൻ ആസ്ഥാനമായുള്ള ലഷ്കർ-ഇ-തൊയ്ബയുടെ ഭാഗമായ

ദി റെസിസ്റ്റൻസ് ഫ്രണ്ടിനെ വിദേശ ഭീകര സംഘടനയായി യുഎസ് പ്രഖ്യാപിച്ച പശ്ചാത്തലത്തിലാണ് ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവിൻറെ പ്രതികരണം.

എല്ലാതരം ഭീകര പ്രവർത്തനങ്ങളേയും ചൈന എതിർക്കുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## G20-FM MEETING

G20 - ധനമന്ത്രിമാരുടെയും കേന്ദ്ര ബാങ്ക് ഗവർണർമാരുടെയും രണ്ട് ദിവസത്തെ യോഗം ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ സമാപിച്ചു. സംഘർഷം, വ്യാപാര തർക്കങ്ങൾ , വിതരണ ശൃംഖലയിലെ തടസ്സങ്ങൾ, കാലാവസ്ഥാ ദുരന്തങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രധാന ആഗോള വെല്ലുവിളികൾ യോഗം ചർച്ച ചെയ്തു. ലോക വ്യാപാര

സംഘടനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമഗ്രമായ പരിഷ്കാരങ്ങൾ ആവശ്യമാണെന്നും യോഗം വിലയിരുത്തി .

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&